# ഓവർ മാല

അവർ ശൊന്ന പോരിശയെല്ലാററിലും മേലെ
ബേറെയും പോരിശയേററം മികന്തോവർ

ആ വണ്ണം പോരിശയെണ്ണിപ്പറയുകിൽ
കാക്ക മലർന്നു പറക്കുമതെന്നോവർ

മുങ്ങില്ലയെന്ന് പറഞ്ഞുള്ള ടൈററാനെ
അന്നേരം മുക്കിച്ചു കാട്ടിക്കൊടുത്തോവർ

ടെൻസിങ്ങിനേക്കാളും ഹിലാരിയേക്കാളും
മുന്നം എവറസ്ററിൽ കയറിയിരുന്നോവർ

സദ്ദാമെ കൊല്ലുന്നാളന്നു ഞാനുണ്ടെങ്കിൽ
ബുഷിനെ ഷൂകൊണ്ടെറിഞ്ഞേനെയെന്നോവർ

മക്കം ബഗ്ദാദ് റൂട്ടിൽ നൺസ്റേറാപ്പായി
ആണ്ടിലറുന്നൂറ് വട്ടം പറന്നോവർ

എങ്ങോട്ടോ പോകുമ്പോളൊഹാബിയെക്കണ്ട്
സെലാമെ ചൊല്ലി മുസാഫഹ ചെയ്തോവർ

ബഗ്ദാദിൽ വീണുള്ള ബോംബുകളൊക്കെയും
വെക്കം പിടിച്ചു മടക്കിയെറിഞ്ഞോവർ

ഖുറാഫികളെക്കണ്ടരിശം പെരുത്താരേ
ദേഷ്യത്താലവരെ പിരാകി പറഞ്ഞോവർ

തോന്നുമ്പോഴൊക്കെയും മക്കത്ത് പോണോവർ
പോകുന്നതിൻ മുമ്പേ തിരികെ വരുന്നോവർ

സീറോ സീറോ സീറോയെന്ന് പറയുകിൽ
ബാഗ്ദാദിലേക്കുള്ള കോഡെന്ന് ശൊന്നോവർ

ഓരോരോ കാര്യങ്ങൾ തീരുമാനിക്കാനായി
ഔലിയാക്കൻമാരെ യോഗത്തിൽ ചെന്നോവർ

അടിപിടി കൂട്ടത്തിൽ ശൈഖോരെ കണ്ടെന്ന്
മാറുമറക്കാത്ത കാളി പറഞ്ഞോവർ

ആവണ്ണം ഒട്ടേറെ ‘ഓവർ’ മികന്തുള്ളെ
ശൈഖൻമാരെക്കൊണ്ടീ ദുനിയാനിറഞ്ഞോവർ

വാനം അതേഴിലും ഭൂമി കടലിലും
പാറിപ്പറന്നു പുളച്ചു മദിച്ചോവർ

പലരും ചമച്ചുള്ള ‘ഓവർ’ അതൊക്കെയും
ദായിമായി പാടിനടക്കുന്നതും ‘ഓവർ’

പൊന്നാനിക്കടലിൽ ഒഴുകി നടന്നൊരു
മയ്യിത്തെ ഒലിയാക്കി വെച്ചുള്ളതും ‘ഓവർ’

കലിമൂത്ത് പണ്ടൊരു ശൈഖ് മുരീദിനെ
‘ഇഹ്‌ലീല്’ വടിയാക്കി തല്ലിയതും ‘ഓവർ’

ഉരിയാനായി വേറൊരു ശൈഖ് വയനാടൻ
കാട്ടിൽ അലഞ്ഞു നടന്നുള്ളതും ‘ഓവർ’

ഉഷ്ണം പെരുത്തുള്ള കാലത്തൊരു ശൈഖ്
ഉടുതുണി പൊക്കി ബൗലാക്കിയതും ‘ഓവർ’

ശൈഖൻമാർ കാണ്മതും കേൾക്കുന്നതും ‘ഓവർ’
പറയുന്നതും ‘ഓവർ’ ചെയ്യുന്നതും ‘ഓവർ’

ahmadnp1@gmail.com